# ഭരണഭാഷ - മാതൃഭാഷ

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ന്യൂ ബിൽഡിംഗ് ഉള്ളൂർ ലൈൻ ജഗതി
തിരുവനന്തപുരം-695014
PH:-0471-2580743

**HSE/10556/2024-Acd C5**

തീയതി: 26-07-2024

## സർക്കുലർ

വിഷയം:- പൊ.വി.വ.ഹ.സെ.വി.- 2024-25 അധ്യയന വർഷത്തെ ഹയർ സെക്കന്ററി ഗസ്റ്റ് അധ്യാപക നിയമനം-സംബന്ധിച്ച്

സൂചന :- 1. 30.05.2024 തീയതിയിലെ സ.ഉ(സാധാ) നം.3404/2024/GEDN നമ്പർ സർക്കാർ ഉത്തരവ്.

2. 30.05.2024 തീയതിയിലെ സ.ഉ(സാധാ) നം.3405/2024/GEDN നമ്പർ സർക്കാർ ഉത്തരവ്.

1. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാത്തതും ഹയർ സെക്കന്ററി അധ്യാപകർ പ്രിൻസിപ്പൽ ഇൻചാർജ്ജ് വഹിക്കാത്തതുമായ സർക്കാർ സ്കൂളുകളിൽ വിഷയാടിസ്ഥാനത്തിലും ജോലിഭാരം കണക്കിലെടുത്തും ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിൽ ബന്ധപ്പെട്ട RDD -മാരുടെ മേൽ നോട്ടമുണ്ടാകേണ്ടതാണ്. പ്രിൻസിപ്പൽ ഇൻ ചാർജ് സംബന്ധമായി ഉത്തരവ് ലഭ്യമല്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള നടപടികൾ ആർ ഡി ഡി തലത്തിൽ കൈകൊള്ളേണ്ടതാണ്. പ്രസ്തുത ഗസ്റ്റ് അധ്യാപകർക്ക് (ഹയർസെക്കന്ററി വിഭാഗത്തിൽ നിന്ന് പ്രിൻസിപ്പൽ ചാർജ് ഇല്ലാത്ത സ്കൂളുകളിലെ) ചട്ടപ്രകാരമുള്ള ശമ്പളം നൽകുന്നതിനുള്ള നടപടികൾ ആർ ഡി ഡി ഓഫീസുകളിൽ നിന്ന് യഥാസമയം സ്വീകരിക്കേണ്ടതാണ്.

2. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന (ട്രാൻസ്ഫർ, റിട്ടയർമെന്റ്, രാജി, മരണം, സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡെപ്യൂട്ടേഷൻ, തസ്തിക സൃഷ്ടിച്ചിട്ടും നിയമനാകാത്തത് എന്നീ കാരണങ്ങളാൽ) തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്.

3. പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സ.ഉ.(കൈ) നം.127/2021/പൊ.വി.വ തീയതി:26/02/2021 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്.

4. സ.ഉ.(സാധാ)നം.3371/19/പൊ.വി.വ തീയ്യതി 22/08/2019 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 30 ദിവസം മുതൽ 3 മാസം വരെയുള്ള അവധി ഒഴിവിലെ നിയമനത്തിന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ തന്നെ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

5. ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോഴും ശമ്പളം അനുവദിക്കുമ്പോഴും സ.ഉ.(കൈ)നം.185/2016/പൊ.വി.വ തീയ്യതി 31/10/2016, സർക്കുലർ നമ്പർ AcdC1/231720/22/HSE dated 28/02/2022 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

6. രണ്ടാംവർഷ ക്ലാസ്സുകൾക്കു വേണ്ടി HSST(Jr) തസ്തികയിൽ ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെടുന്ന അധ്യാപകരെ ഒന്നാം വർഷ ക്ലാസ്സ് തുടങ്ങുമ്പോൾ വർക്ക് ലോഡിനനുസരിച്ച് HSST തസ്തികയിൽ പരിഗണിക്കാവുന്നതും ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതുമാണ്. ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ അധിക തസ്തികകളിൽ നിയമനം ആവശ്യമായി വന്നാൽ വർക്ക് ലോഡ് കണക്കിലെടുത്ത് ഗസ്റ്റ് അധ്യാപക നിയമനം നടത്താവുന്നതാണ്.

7. 2014-15, 2015-16 അധ്യായന വർഷങ്ങളിൽ പുതുതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ലെങ്കിലും സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.185/16/പൊ.വി.വ തീയ്യതി 31/10/2016 പ്രകാരം ഈ വർഷവും ഗസ്റ്റ് അധ്യാപകരെ നിയമിക്കാവുന്നതാണ്.

8. 27/07/2023 തീയതിയിലെ സ.ഉ(കൈ) നം.106/2023/ Gedn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2023-24 അധ്യയന വർഷത്തിൽ താൽക്കാലിക ബാച്ച് അനുവദിച്ച സ്കൂളുകളിലും 16/07/2024 തീയ്യതിയിലെ സ.ഉ.(കൈ) നം.86/24/Gedn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2024-25 അധ്യയന വർഷത്തിൽ താൽകാലിക ബാച്ച് അനുവദിച്ച സ്കൂളുകളിലും ഓരോ വിഷയത്തിലും നിലവിലുള്ള അധ്യാപകരുടെ പരമാവധി ജോലി ഭാരത്തിന് ശേഷമുള്ള പിരീഡുകൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതാണ്.

9. ഹയർസെക്കന്ററി അധ്യാപകരായി ദിവസവേതനാടിസ്ഥാനത്തൽ നിയമികരാകുന്നവർ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദിഷ്ട യോഗ്യത ഉള്ളവർ ആയിരിക്കണം. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യത ഉണ്ടെന്ന് മാനേജർ/പ്രിൻസിപ്പൽ ഉറപ്പാക്കേണ്ടതാണ്. സർക്കാരിന്റെയും വകുപ്പിന്റെയും ചട്ടങ്ങലും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കാതെയും മതിയായ യോഗ്യത ഇല്ലാത്തവരെയും ഗസ്റ്റ് അധ്യാപകരായി നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അധ്യാപകരെ നിയമിച്ചാൽ ടി അധ്യാപകർക്ക് വേതനം നൽകുനനതിനുൾപ്പെടെ ഉള്ള ബാധ്യത മാനേജർ/പ്രിൻസിപ്പൽമാർക്കു മാത്രമായിരിക്കുന്നതാണ്.

10. സർക്കാർ/എയ്ഡഡ് ഹയർസെക്കൻ്ററി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോൾ 20.10.2023 തീയതിയിലെ നം.ജെ എ 2/134/പൊ.വി.വ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമാവധി 56 വയസ്സുള്ളവരെ പരിഗണിക്കാവുന്നതാണ്.

11.സ്പെഷ്യൽ സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുമ്പോൾ വിരമിച്ച അധ്യാപകരെയും പരാമാവധി 60വയസ്സുള്ളവരെയും പരിഗണിക്കാവുന്നതാണ്.

12.ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന അധ്യാപകരുടെ നിയമനാംഗീകാര ശുപാർശ സമയബന്ധിതമായി(നിയമനം നടത്തി 15 ദിവസത്തിനകം) ബന്ധപ്പെട്ട മേഖല ഉപമേധാവിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതാണ്. ടി അധ്യാപകരെ അധ്യയന വർഷത്തെ സേവനത്തിനു ശേഷം സ്പാർക്കിൽ നിന്നും വിടുതൽ ചെയുമ്പോൾ അതീവ ശ്രദ്ധപുലർത്തേണ്ടതാണ്. ടെർമിനേഷൻ തീയതിയിൽ തെറ്റ് വരുത്തിയാൽ തെറ്റ്

വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

13. ഗസ്റ്റ് അധ്യാപകരുടെ വർക്ക് ലോഡ്, ഹാജരാകേണ്ട ദിവസങ്ങൾ എന്നിവ സംബന്ധിച്ച 28/02/2022 തീയതിയിലെ എസിഡി.സി1/231720/എച്ച്.എസ്.ഇ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽമാർ പാലിക്കേണ്ടതാണ്.

Signed by
Ramakrishnapilla Suresh Kumar
Date: 26-07-2024 11:56:30
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

എല്ലാ സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറിസ്കൂൾ
പ്രിൻസിപ്പൽമാർക്കും/മാനേജർമാർക്കും/ എല്ലാ മേഖല ഉപമേധാവിമാർക്കും